"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - പൊന്നാനി നഗരസഭ - താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.1440/2020/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 03/08/2020

---

പരാമർശം:- 1 ശ്രീ. എം.പി.നിസാർ സമർപ്പിച്ച 01.08.2017 തീയതിയിലെ പരാതി

2 വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.08.2018 തീയതിയിലെ ഇ15(പി.ഇ.3/2014/എം.പി.എം.) 31865/17 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിൽ താൽക്കാലിക ജീവനക്കാരെ പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഇന്റർവ്യൂ നടത്തി നിയമിക്കുന്നതിന് പകരം നഗരസഭാ ജീവനക്കാരുടെ ബന്ധുക്കളെ ക്രമവിരുദ്ധമായി നിയമിച്ചു എന്ന് ആരോപിച്ചുകൊണ്ട് ശ്രീ. എം.പി.നിസാർ സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ നഗരസഭയിൽ താൽക്കാലിക നിയമനങ്ങൾ നടത്തിയത് ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സിൽ നിന്നോ നഗരസഭ കൗൺസിലിൽ നിന്നോ അനുമതി ഇല്ലാതെയും ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്താതെയും പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് വാങ്ങാതെയും ആണെന്നും വെളിവായിട്ടുണ്ട്. പൊന്നാനി നഗരസഭ ജീവനക്കാരുടെ ബന്ധുക്കളെയും മറ്റും അനധികൃതമായി നിയമിക്കുകവഴി നഗരസഭാ സെക്രട്ടറി നടത്തിയ പല താൽക്കാലിക നിയമനങ്ങളും നിയമപരമായി സാധൂകരിക്കാൻ കഴിയാത്ത അഴിമതിയാണെന്ന് ആരോപിച്ചിരിക്കുന്നു.

2.ക്രമവിരുദ്ധമായി പൊന്നാനി നഗരസഭയിൽ നടത്തിയ താൽക്കാലിക ജീവനക്കാരുടെ നിയമനം റദ്ദ് ചെയ്യുന്നതിനും, സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ച് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും, മാനദണ്ഡങ്ങൾ പാലിക്കാതെ സ്വജനപക്ഷപാതപരമായി ജീവനക്കാരെ നിയമിച്ച കാലയളവിലെ പൊന്നാനി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.കെ. മനോജിനെ തൽസ്ഥാനത്തു നിന്നു മാറ്റി വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

3. 01.02.2018 തീയതിയിലെ സ.ഉ.(സാധാ.) നം.307/2018/ത.സ്വ.ഭ.വ.ഉത്തരവു പ്രകാരം

ശ്രീ.കെ.കെ.മനോജിനെ പൊന്നാനി നഗരസഭയിൽ നിന്നും മാറ്റി കുന്നംകുളം നഗരസഭയിൽ നിയമിച്ചിട്ടുണ്ട്.

4. വിജിലൻസ് റിപ്പോർട്ടിലെ ആരോപണത്തിന്മേൽ അന്വേഷണം നടത്തി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (ബന്ധപ്പെട്ട രേഖകൾ സഹിതം)
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
ശ്രീ. എം.പി.നിസാർ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിജിലൻസ് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ